# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4980 — 24/7/2015-ൽ മറുപടിക്ക്

## ചേർത്തലയിലെ കുടിവെള്ളവിതരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.തിലോത്തമൻ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ചേർത്തല താലൂക്കിലേയ്ക്ക് കുടിവെള്ളമെത്തിക്കുന്ന പൈപ്പ് ലൈനിൽ മറവൻതുരുത്ത് മേഖലയിലുള്ള ഏകദേശം നാലര കിലോമീറ്റർ ദൂരം ജി.ആർ.പി. പൈപ്പുകൾ മാറ്റി എം.എസ്. പൈപ്പുകൾ സ്ഥാപിക്കുന്നതിന് ആറ് മാസങ്ങൾക്ക് മുമ്പ് മുഖ്യമന്ത്രിയുടെ ചുമതലയിൽ വിളിച്ചുചേർത്ത യോഗത്തിൽ കൈക്കൊണ്ട തീരുമാനം നടപ്പിലായോ; അതിന്റെ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;<br>(ബി) പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിന് എന്ത് തടസ്സമാണുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 28/3/2015-ന് കൂടിയ യോഗതീരുമാനപ്രകാരം മറവൻതുരുത്തിലെ ജി.ആർ.പി പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനുള്ള പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ഡെൽഹി ഷെഡ്യൂൾ നിരക്കിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുവാൻ കേരള വാട്ടർ അതോറിറ്റി തീരുമാനിച്ചതിനാൽ ഇപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയാലുടനെ പൈപ്പ് മാറ്റിയിടുന്നതിനുള്ള പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| (സി) പമ്പിംഗ് ശരിയായ തോതിൽ നടക്കാത്തതുമൂലം ചേർത്തലയിൽ പലയിടങ്ങളിലും നാല് ദിവസം കൂടുമ്പോഴാണ് കുടിവെള്ളമെത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം അടിയന്തിരമായി പരിഹരിക്കുവാൻ എന്ത് നടപടിയാണ് കൈക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടി (എ), (ബി) പിരിവുകളുടെ മറുപടിയിൽ ഉൾക്കൊണ്ടിട്ടുണ്ട്. |
| (ഡി) ജപ്പാൻകുടിവെള്ള പദ്ധതി പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കുവാനും ചേർത്തലയിലെ മുഴുവൻ ജനങ്ങൾക്കും നിത്യവും കുടിവെള്ളം എത്തിക്കുവാനും എന്തൊക്കെ നടപടി കൈക്കൊള്ളുമെന്നും എന്നത്തേക്ക് പൂർണ്ണമായ | (ഡി) മറവൻതുരുത്തിലെ ജി.ആർ.പി പൈപ്പ് മാറ്റി എം.എസ് പൈപ്പ് സ്ഥാപിക്കുന്നതോടെ പമ്പിംഗ് പൂർണ്ണ തോതിലാക്കി ജപ്പാൻ കുടിവെള്ള പദ്ധതി പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കുവാൻ സാധിക്കും. കൂടാതെ നബാർഡ് പദ്ധതി |

അർത്ഥത്തിൽ ജലവിതരണം സാധ്യമാക്കുമെന്നും വ്യക്തമാക്കുമോ?

യിൽ ഉൾപ്പെടുത്തി ചേർത്തല ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ചേർത്തലയിലെ 18 പഞ്ചായത്തുകൾക്ക വേണ്ടിയുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവർത്തിക്കായി അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആകെ 8 പാക്കേജ് ഉള്ളതിൽ പാക്കേജ് IV, VI എന്നിവയുടെ വർക്കുകൾ ആരംഭിച്ചിട്ടുണ്ട്. ബാക്കി 6 വർക്കുകൾ അവാർഡ് ചെയ്യെങ്കിലും എൻ.ഐ.റ്റി പ്രകാരം പെർഫോർമൻസ് ഗാരന്റി വയ്ക്കേണ്ടതിനാൽ കോൺട്രാക്ടർമാർ എഗ്രിമെന്റ് വെച്ചിട്ടില്ല. പെർഫോർമൻസ് ഗാരന്റി ഒഴിവാക്കി കിട്ടുന്നതിന് പ്രസ്തുത കരാറുകാർ വാട്ടർ അതോറിറ്റിയെ സമീപിച്ചിരിക്കുകയാണ്. പ്രസ്തുത വിഷയം പരിശോധിച്ചുവരുന്നു. ടി വിഷയം പരിഹരിച്ച് കരാറുകാർ എഗ്രിമെന്റ് വച്ചുകഴിഞ്ഞാൽ 9 മാസത്തിനകം വർക്ക് പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ

JSK/